MD NICHE
MEDIA CONSULTANTS

# MATHRUBHUMI YATRA

## Global honours for Kerala Tourism

**Date :** 2.1.2020 | **Edition : National** | **Page :** 180 | **Clip size (cm) : W:** 28 **H:** 36

---

# രാജ്യാന്തര പുരസ്കാരങ്ങളുടെ നിറവിൽ കേരള ടൂറിസം

'ടൂറിസവും തൊഴിലും : മികച്ച ഭാവി എല്ലാവർക്കും' പ്രതീക്ഷാനിർഭരമായ ഈ സന്ദേശമായിരുന്നു ഇത്തവണത്തെ ലോക ടൂറിസം ദിനത്തിന്റെ സന്ദേശം. അതിന് മാറ്റ് കൂട്ടി രാജ്യാന്തര പുരസ്ക്കാരത്തിന്റെ നിറവിലാണ് കേരളത്തിന്റെ ടൂറിസം. കഴിഞ്ഞ മാസം കസാഖ്സ്ഥാനിൽ വെച്ച് രാജ്യാന്തര പുരസ്കാരമായ പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ മൂന്ന് പുരസ്കാരങ്ങൾ കേരള ടൂറിസത്തിന് വേണ്ടി മന്ത്രി കടകംപള്ളി സുരേന്ദ്രൻ സ്വീകരിച്ചു. വിനോസഞ്ചാരം കൊണ്ടുള്ള ഗുണം പ്രദേശവാസികൾക്ക് അനുഭവവേദ്യമാകണമെന്ന ആശയം നേരത്തെ തന്നെ പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതും, തൊഴിലവസരങ്ങൾ കൂടുതൽ പ്രദാനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പുതിയ ടൂറിസം നയം ആവിഷ്കരിച്ചതുമെല്ലാം ഇതിന്റെ ഭാഗമായാണ്. 36000 കോടി രൂപയാണ് ടൂറിസം മേഖലയിൽ നിന്നും നമുക്ക് കഴിഞ്ഞ വർഷം കിട്ടിയ വരുമാനം. 15 ലക്ഷത്തോളം ആളുകളാണ് ഇന്ന് ടൂറിസം മേഖലയിൽ ജോലി ചെയ്യുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയിൽ ടൂറിസം മേഖലയുടെ പ്രാധാന്യമാണ് ഈ കണക്കുകൾ കാണിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനം സർക്കാർ ഒരുക്കുന്നതിനൊപ്പം സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടാണ് നേട്ടങ്ങളിലേക്ക് കേരളം ഉയരുന്നത്. ഇത് കൂടുതൽ തൊഴിലവസരങ്ങളും ഒരുക്കി. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കുകൾ പ്രകാരം ചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലില്ലായ്മയുടെ കാലമാണ് ഇത്. ഈ സാഹചര്യത്തിലാണ് ടൂറിസം പോലുള്ള ജനകീയ ഇടപെടൽ സാധ്യമാകുന്ന മേഖലകളുടെ പ്രസക്തി. ആധുനിക സാങ്കേതിക വിദ്യകളുടെ കാലത്തും മാനവ വിഭവ ശേഷി അനിവാര്യമായ മേഖലയാണ് ടൂറിസം. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് മാത്രമല്ല സാധാരണ കർഷകർക്കും, തൊഴിലാളികൾക്കും, വീട്ടമ്മമാർക്കുമെല്ലാം വരുമാനം നേടാനാകുമെന്നതും ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രത്യേകതയാണ്.

ടൂറിസം വികസനത്തിലൂടെ ഒരു വിനോദ സഞ്ചാര കേന്ദ്രത്തിൽ ലഭ്യമാകുന്ന വരുമാനത്തിന്റെ പങ്ക് അവിടത്തെ തദ്ദേശവാസികൾക്ക് ലഭ്യമാക്കേണ്ടതാണെന്ന ആശയമാണ് സാമ്പത്തിക ഉത്തരവാദിത്ത ടൂറിസം മുന്നോട്ട് വെച്ചത്. അതായത് ടൂറിസത്തിന്റെ വരുമാനം പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉപയോഗപ്പെടുത്തുക വഴി പ്രദേശവാസികൾക്ക് അധികം വരുമാനം ലഭിക്കുന്ന ഒന്നായോ, മുഖ്യ വരുമാനം ലഭ്യമാക്കുന്ന ഒന്നായോ ടൂറിസത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഗ്രാമീണ ടൂറിസം പാക്കേജ് തനതു സംസ്കാരത്തെയും പൈതൃകത്തെയും തന്മയത്തോടെ കൂടി ടൂറിസ്റ്റുകൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കേരളത്തിന്റെ ഈ മാതൃകയ്ക്ക് ലോകത്തിന്റെയാകെ അംഗീകാരം നേടാൻ ചുരുങ്ങിയ കാലം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. 30549 പേർക്ക് നേരിട്ടും, 59763 പേർക്ക് പരോക്ഷമായും ഉത്തരവാദിത്ത ടൂറിസത്തിലൂടെ തൊഴിലവസരം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന തലത്തിൽ സ്ഥാപിതമായിട്ട് രണ്ട് വർഷത്തിനുള്ളിൽ 89765 സഞ്ചാരികളാണ് നമ്മുടെ സംസ്ഥാനത്തെ ഗ്രാമീണ ടൂറിസം മേഖലകളിലേക്ക് എത്തിച്ചേർന്നത്. മിഷൻ രൂപീകൃതമാകുന്നതിന് മുമ്പുള്ള 10 വർഷം കൊണ്ട് 12 കോടി വരുമാനം കിട്ടിയ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ രണ്ട് വർഷത്തിനുള്ളിൽ മാത്രം 13 കോടിയോളം രൂപയുടെ വരുമാനം നേടിയെന്നത് വിസ്മയകരമായ നേട്ടമാണ്.

ഇവയ്ക്കൊപ്പം നിരവധി വെല്ലുവിളികളാണ് ടൂറിസം രംഗം പ്രതിദിനം അഭിമുഖീകരിക്കുന്നത്. പല തരത്തിൽ അത് ലോകത്തെ വിനോദ സഞ്ചാര മേഖലകളിലെല്ലാം അനുഭവപ്പെടുന്നുണ്ടെന്ന് വേൾഡ് ടൂറിസം ഓർഗനൈസേഷൻ തന്നെ വ്യക്തമാക്കുന്നു. ടൂറിസ്റ്റ് ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകി സർട്ടിഫിക്കേറ്റും, ലൈസൻസും നൽകിയത് ടൂറിസം രംഗത്തെ അരാജകത്വം അവസാനിപ്പിക്കുന്നതിന് വേണ്ടിയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ് ഉൾപ്പെടെ ലോക ടൂറിസം രംഗത്ത് ശ്രദ്ധേയമായ പുതിയ ഉത്പന്നങ്ങൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കാൻ സർക്കാരിന് കുറഞ്ഞ കാലയളവിനുള്ളിൽ സാധിച്ചിട്ടുണ്ട്. വൻ ജനപ്രീതി നേടികൊണ്ടിരിക്കുന്ന വയനാട്ടിലെ മഡ്ഫുട്ബോൾ പോലെ പ്രാദേശികമായ കായികവിനോദങ്ങൾ ടൂറിസം ഭൂപടത്തിൽ എല്ലാകാലവും സീസണാക്കി മാറ്റാവുന്ന ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റിയിട്ടുണ്ട്. 14 ജില്ലകളിലായി ചെറുതും വലുതുമായ 300 ഓളം ടൂറിസം പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.






തികച്ചും പ്രതികൂലമായ സാഹചര്യങ്ങളെ മറികടന്നാണ് നമ്മുടെ അതിജീവനം. ഓഖിയും നിപ്പയും പ്രളയവുമെല്ലാം സൃഷ്ടിച്ച പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ച മേഖല ടൂറിസം രംഗമായിരുന്നു. എന്നാൽ, അതിശക്തമായ മാർക്കറ്റിംഗ് നടത്തി ടൂറിസം വിപണിയിൽ തിരിച്ചെത്താൻ നമുക്ക് സാധിച്ചു. മഹാപ്രളയം നാശം വിതച്ച 2018 ൽ പോലും 11 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളത്തിലെത്തി. കഴിഞ്ഞ ആറ് മാസക്കാലയളവിൽ 95.67 ലക്ഷം വിനോദസഞ്ചാരികളാണ് കേരളം കാണാനെത്തി. സഞ്ചാരികളുടെ എണ്ണത്തിൽ 10.81 ശതമാനം വർധനവാണ് ഇക്കാലയളവിൽ ഉണ്ടായത്. 6.05 ലക്ഷം വിദേശ വിനോദസഞ്ചാരികൾ ആറ് മാസത്തിനുള്ളിൽ കേരളം സന്ദർശിച്ചത്. ആധുനിക വിനോദ സഞ്ചാരികൾ പാശ്ചാത്യ സുഖഭോഗങ്ങളേക്കാൾ ജീവിതഗന്ധിയായ ചുറ്റുപാടുകൾ തേടിയാണ് കേരളത്തിലേക്ക് എത്തുന്നത്. കേരള ഗ്രാമങ്ങളുടെ ഉള്ളറകളിലേക്ക് യാത്ര ചെയ്യുമ്പോൾ ഗ്രാമീണ ജീവിതത്തിന്റെ സ്പന്ദനവും നൈസർഗികതയും കലയും ആചാരവും ഭക്ഷണവും എല്ലാം ടൂറിസം ഉത്പന്നങ്ങളായി മാറ്റുന്നത് വലിയ നേട്ടമാകും. രാജ്യാന്തര പുരസ്കാരമായ പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ മൂന്ന് പുരസ്കാരങ്ങൾ കേരള ടൂറിസത്തിന് ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിലുള്ള കുമരകം എത്നിക് ഫുഡ് റസ്റ്ററന്റിനാണ് ഇതിൽ ഒരു പുരസ്കാരം ലഭിച്ചത്.

# MATHRUBHUMI YATRA

**Global honours for Kerala Tourism**

**Date :** 2.1.2020 | **Edition : National** | **Page :** 180 | **Clip size (cm) : W:** 28 **H:** 36

---

## സ്ത്രീ സംരംഭങ്ങൾ നിറഞ്ഞ് കേരള ടൂറിസം

**ടൂ**റിസം മേഖലയിൽ സാധാരണക്കാരായ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുകതിനായി വിനോദ സഞ്ചാര വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷന് കീഴിൽ ആരംഭിച്ച പദ്ധതികൾ ലക്ഷ്യതിലേക്ക്. ഇതിനായി പേപ്പർ ബാഗുകൾ, തുണിസഞ്ചികൾ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ, മുള, ഈറ എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നുണ്ട്. നിലവിൽ 14 ജില്ലകളിലായി ആർ.ടി.മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 16345 യൂണിറ്റുകളിൽ 83 ശതമാനം യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ, സ്ത്രീകൾ നയിക്കുന്നതോ ആണ്. മിഷൻ പ്രവർത്തനം ആരംഭിച്ചതിനു ശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2019 സെപ്റ്റംബർ വരെ 14.65 കോടി രൂപയുടെ വരുമാനം ആർ ടി മിഷനിൽ രെജിസ്റ്റർ ചെയ്തിരിക്കുന്ന യൂണിറ്റുകൾക്കുണ്ടായിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകളിൽ ലഭിച്ചിരിക്കുന്ന വരുമാനം ഏതാണ്ട് 11 കോടി രൂപയോളമാണ്. ടൂറിസം വകുപ്പിൻെറ ക്ലീൻ ഡസ്റ്റിനേഷൻ ക്യാംപെയ്ൻ പദ്ധതിയുടെ നടത്തിപ്പ് കുടുംബശ്രീ മിഷൻ വോളൻറിയർ മുഖേനയാണ് എല്ലാ ജില്ലകളിലും നടന്നു വരുന്നത്.

## സർക്കാർ അനുമതി നൽകിയത് 520 ടൂറിസം പദ്ധതികൾക്ക്

**520** ടൂറിസം പദ്ധതികൾക്ക് ഈ സർക്കാർ ഇതേവരെ അനുമതി നൽകിയിട്ടുണ്ട്. മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി, മുസിരിസ് ഹെറിറ്റേജ് തലശ്ശേരി ഹെറിറ്റേജ് പദ്ധതികളുടെ രണ്ടാം ഘട്ടം, ആലപ്പുഴ ഹെറിറ്റേജ് പദ്ധതി, ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം, ഗ്രീൻ കാർപറ്റ് പദ്ധതി, ചടയമംഗലത്തെ ജടായുപ്പാറ ടൂറിസം പദ്ധതി, ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി, ഉത്തരവാദിത്ത ടൂറിസം പദ്ധതി, ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി, കോവളം, ശംഖുമുഖം, വേളി, വർക്കല എന്നിവിടങ്ങളിൽ സമഗ്ര വികസന പദ്ധതി, ധർമ്മടം മുഴുപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി എന്നിവ ഈ പദ്ധതികളിൽ ഉൾപ്പെടുന്നു. ഇതിന് പുറമെ തലശ്ശേരി പൈതൃക പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും സർക്കാർ അതിഥി മന്ദിരങ്ങളിൽ എക്സ്പീരിയൻസ് എത്നിക് കൂസിൻ പദ്ധതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൻെറ തനതു വിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലും പോലും ഉറപ്പു വരുത്തുന്നതിനുമായുള്ള ഈ പദ്ധതിയിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2012 അപേക്ഷകരാണ് രജിസ്റ്റർചെയ്തിരിക്കുന്നത്.

## പത്തനംതിട്ടയിൽ ഹെറിറ്റേജ് ടൂറിസം സർക്യൂട്ട്

**പ**ത്തനംതിട്ടയിൽ ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചു. ആറന്മുള കണ്ണാടി, വള്ളസദ്യ, പടയണി തുടങ്ങി നിരവധി പ്രത്യേകതകൾ ഉള്ള ഒരു ജില്ലയാണ് പത്തനംതിട്ട. ഇത് പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. പത്തനംതിട്ട ജില്ലയിലെ പൈതൃക ഗ്രാമങ്ങളും, ആറന്മുള കണ്ണാടി ഉൾപ്പെടെയുള്ള കരകൗശലപാരമ്പര്യവും, മഹാത്മജി സന്ദർശിച്ച സ്ഥലങ്ങളും, മണ്ണടി മ്യൂസിയവും പരമ്പരാഗതമായ മറ്റ് ആചാരങ്ങളും എല്ലാം സമന്വയിപ്പിച്ച് ജില്ലയിലെ പൈതൃക സ്മാരകങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് ടൂറിസം മന്ത്രി കടകംപള്ളി വ്യക്തമാക്കിയിട്ടുണ്ട്.

നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ കൊട്ടാരങ്ങളും, ആരാധനാലയങ്ങളും, കോട്ടകളും വ്യാപാര കേന്ദ്രങ്ങളും സംരക്ഷിച്ച് അത് നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസം ഉൽപ്പന്നമായി മാർക്കറ്റ് ചെയ്യുന്ന നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്.

കൊടുങ്ങല്ലൂർ ആസ്ഥാനമായ മുസിരിസ്, തലശ്ശേരി, ആലപ്പുഴ എന്നിങ്ങനെ മൂന്ന് പൈതൃക സംരക്ഷണ പദ്ധതികൾ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. തലശ്ശേരി പൈതൃക പദ്ധതി വയനാട് ജില്ലയിലേക്ക് കൂടി വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്. കൂടാതെ കേരളത്തിലെ പ്രശസ്തമായ വ്യാപാര കേന്ദ്രങ്ങളായ മിഠായിതെരുവ്, ചാല എന്നിവിടങ്ങളിലും ഇത്തരം വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലും പരിസര പ്രദേശങ്ങളിലും ആയി വ്യാപിച്ച് കിടക്കുന്ന പൈതൃക സമ്പത്ത് കോർത്തിണക്കി തിരുവിതാംകൂർ ഹെറിറ്റേജ് സർക്യൂട്ട് എന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും ഇതിനകം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.



കേരള ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ നടത്തുന്ന ക്യാമ്പയിൻ

